13
2026
മാർച്ച്
വെള്ളി
കുംഭം 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 58 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-58 പേജ് 4. വില 2.00 രൂപ




02 കെയ്സിന്റെ അക്രഡിറ്റേഷൻ ആൻഡ് അഫിലിയേഷൻ നയം മന്ത്രി പ്രഖ്യാപിച്ചു

03 സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറിയുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു

04 ഫാറൂഖ് അബ്ദുള്ളയ്ക്ക് നേരെ വധശ്രമം: പാർലമെൻറിൽ പ്രതിഷേധം

## പാചകവാതക പ്രതിസന്ധി

# പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയാൻ നിർദേശം നൽകി കേന്ദ്രം

### പാചകവാതക വിതരണത്തിന് പുതിയ നിയന്ത്രണം;ബുക്കിംഗ് കാലാവധി 45 ദിവസമായി ഉയർത്തി

ന്യൂഡൽഹി: പാചകവാതക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയാൻ കർശന നടപടികൾക്ക് സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര സർക്കാരിൻറെ നിർദേശം. ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽ ഗതാഗതം തടസപ്പെട്ടതിനാൽ മറ്റുവഴികളിലൂടെ ക്രൂഡോയിലും എൽഎൻജിയും കൂടുതലായി എത്തിച്ചുതുടങ്ങി.

അതേസമയം, രാജ്യത്ത് പാചകവാതക വിതരണത്തിന് കേന്ദ്ര സർക്കാർ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. രണ്ട് സിലിണ്ടറുകൾ ബുക്ക് ചെയ്യുന്നതിനിടയിലുള്ള ചുരുങ്ങിയ കാലാവധി നിലവിലുള്ള 25 ദിവസത്തിൽ നിന്നും 45 ദിവസമായി ഉയർത്തി. പുതിയ 45 ദിവസത്തെ നിയന്ത്രണം നിലവിൽ ഗ്രാമീണ മേഖലകളിലെ ഉപഭോക്താക്കൾക്ക് മാത്രമാണ് ബാധകമാകുക. നഗരപ്രദേശങ്ങളിൽ നിലവിലുള്ള 25 ദിവസത്തെ കാലാവധി തന്നെ തുടരും.

ക്രൂഡോയിലുമായി രണ്ടു കപ്പലുകളും എൽഎൻജിയുമായി മറ്റു രണ്ട് കപ്പലുകളും ഇന്ത്യൻ തീരത്തേക്ക് അടുക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ മൂന്നു കപ്പലുകൾ ഇന്ത്യയിലെത്തിയിരുന്നു. റഷ്യയിൽനിന്ന് ക്രൂഡോയിലിനു പുറമേ എൽഎൻജിയും ഇന്ത്യയിലെത്തിക്കും. റഷ്യയിൽ നിന്ന്




23 വർഷത്തേക്ക് എൽഎൻജി വാങ്ങാൻ ഗെയിലിനു കരാറുണ്ട്. കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് എൽഎൻജി വാങ്ങുന്നതും പരിഗണനയിലുണ്ട്. രാജ്യാന്തര ഊർജ ഏജൻസിയോട്(ഐഇഎ) ഉൾപ്പെടെ ഇന്ത്യ ചർച്ചയാരംഭിച്ചുവെന്നും വിവരമുണ്ട്. റഷ്യൻ ക്രൂഡോയിൽ വാങ്ങുന്നതിൻറെ അളവും ഇന്ത്യ കൂട്ടിയിട്ടുണ്ട്. പ്രതിദിനം 55 ലക്ഷം ബാരൽ ക്രൂഡോയിലാണ് ഇന്ത്യയ്ക്ക് ആവശ്യം. ഇതിൻറെ 55 ശതമാനവും ഹോർമുസ് കടലിടുക്ക് വഴിയാണ് എത്തിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ ഇറക്കുമതിയുടെ 70 ശതമാനവും മറ്റുവഴികളിലൂടെയാണെന്നു പെട്രോളിയം മന്ത്രാലയം അറിയിച്ചു.

പശ്ചിമേഷ്യയിലെ സംഘർഷം മൂലം ഇറക്കുമതി തടസപ്പെട്ടതും വിതരണ ശൃംഖലയിലുണ്ടായ കുറവുമാണ് ഇത്തരമൊരു കടുത്ത തീരുമാനമെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. പാചകവാതക ക്ഷാമം മുതലെടുത്ത് വ്യാവസായിക ആവശ്യത്തിനുള്ള സിലിണ്ടറുകൾ അമിതവിലയ്ക്ക് വിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകി. പാചകവാതകത്തിന് നിയന്ത്രണമുണ്ടെങ്കിലും രാജ്യത്ത് പെട്രോൾ, ഡീസൽ എന്നിവയുടെ വിതരണത്തിൽ തടസമില്ലെന്നും ആവശ്യമായ ശേഖരം ഉണ്ടെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു.

## ലത്തീൻ കത്തോലിക്കരുടെ സെക്രട്ടറിയേറ്റ് മാർച്ച്

തിരുവനന്തപുരം: ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അർഹരായവർക്കു മാത്രം അതു നല്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിരുന്ന ' 1947 ' എന്ന നിബന്ധന ഒഴിവാക്കിയ സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന് ലത്തീൻ കത്തോലിക്കാ മുക്കുവ സമുദായ സംവരണ സംരക്ഷണ സമിതി സർക്കാരിനോടാവശ്യപ്പെട്ടു. അർഹതയില്ലാത്ത വിഭാഗങ്ങൾ സംവരണം കവർന്നെടുക്കുന്നതു തടയണമെന്നും സെക്രട്ടറിയേറ്റ് മാർച്ച് ആവശ്യപ്പെട്ടു.




പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ച മാർച്ച് ഇ പി അനിൽ ഫ്ളാഗ് ഓഫ് ചെയ്തു. സെക്രട്ടറിയേറ്റ് നടയിൽ പ്രതിഷേധ ധർണ്ണ ഫാദർ ജോൺ വിക്ടർ ഉദ്ഘാടനം ചെയ്തു. റവ ഫാദർ ലാബറിൻ യേശുദാസ് അധ്യക്ഷത വഹിച്ചു തീരദേശത്തുള്ള സംഘടനകളെ പ്രതിനിധീകരിച്ചുകൊണ്ട് പി സ്റ്റെല്ലസ്, ഫ്രാൻസിസ് ആൽബർട്ട്, ദേവപ്രസാദ് ജോൺ, അഡോൾഫ് ജെറോം ശ്രീമതി എൽ സി, ശ്രീമതി സുശീല, കെ പി ദുരയ്യോധനൻ, അഡ്വക്കേറ്റ് ലഡ്ഗർ ബാബ, എം പോൾ, ജോൺ ബോസ്കോ, വില്യം ലാൻസി, ചന്ദ്രദേവ്, ഡോൺ ബോസ്കോ, ജഗതി രാജൻ, വിപിൻദാസ് പൂന്തറ, ഏലിയാസ് നെറ്റോ, ജലസ്തിൻ പൂന്തുറ, ത്രേസ്മ്മ വലിയതുറ, ബോബൻ, എന്നിവർ അഭിസംബോധന ചെയ്ത് സംസാരിച്ചു.

## സർക്കാർ ഓഫീസുകൾക്ക് ആഴ്ചയിൽ രണ്ടു ദിവസം അവധി; തീരുമാനം വെള്ളിയാഴ്ച

തിരുവനന്തപുരം: സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനം ആഴ്ചയിൽ അഞ്ചാക്കുന്ന കാര്യത്തിൽ വെള്ളിയാഴ്ച അന്തിമ തീരുമാനമുണ്ടാകും. നാളെ ചേരുന്ന മന്ത്രിസഭാ യോഗത്തിൽ ഈ കാര്യത്തിൽ തീരുമാനം എടുത്തേക്കുമെന്നാണ് റിപ്പോർട്ട്.സർവീസ് സംഘടനകളുമായടക്കം നടത്തിയ ചർച്ചയുടെ വിശദാംശങ്ങളടങ്ങിയ ഫയൽ ചീഫ് സെക്രട്ടറിയുടെ പരിഗണനയിലാണ്. ജീവനക്കാർക്ക് സന്തോഷമാകുന്ന തീരുമാനം പ്രഖ്യാപിച്ചാൽ അത് തെരഞ്ഞെടുപ്പിൽ ഗുണമാകുമെന്ന വിലയിരുത്തൽ സർക്കാരിനുണ്ട്.ഇതിൻറെ അടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പ് ഫയൽ നീക്കത്തിൻറെ വേഗത വർധിപ്പിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ ജീവനക്കാർ കാലങ്ങളായി ഉന്നയിക്കുന്ന ആവശ്യമാണ് പ്രവൃത്തി ദിവസം ആറിൽ നിന്ന് അഞ്ച് ആക്കണമെന്നത്.ഭരണ പരിഷ്കാര കമ്മീഷനും ശമ്പള കമ്മീഷനും ഇക്കാര്യം ശരിവച്ച് ശിപാർശ നൽകിയിരുന്നു. ഇത് അംഗീകരിച്ചാൽ എട്ട് മണിക്കൂർ ജോലി ഒമ്പതു മണിക്കൂറാകും.

## ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സമുദ്ര വിജ്ഞാന കേന്ദ്രം പുത്തൻകടപ്പുറത്ത് ഉദ്ഘാടനം ചെയ്തു

2026 മാർച്ച് 05 ന് പുത്തൻ കടപ്പുറം ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന് സമീപം നടന്ന ചടങ്ങിൽ, കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ (കുഫോസ്) ഫിഷറീസ് സമുദ്ര വിജ്ഞാന കേന്ദ്രം ബഹുമാനപ്പെട്ട ഫിഷറീസ് സാംസ്കാരിക കാര്യ മന്ത്രി ശ്രീ സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ, ഒരു സർവകലാശാല അക്കാദമിക് ബിരുദങ്ങൾ നൽകുന്ന ഒരു സ്ഥാപനം മാത്രമല്ല, സമൂഹത്തിന് സജീവമായി സംഭാവന നൽകുന്ന ഒന്നാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചു. തീരദേശ സമൂഹങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ കുഫോസ് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും, സമൂഹാധിഷ്ഠിത വികസനത്തിനായുള്ള സർവകലാശാലയുടെ പ്രതിബദ്ധതയാണ് നോളജ് സെന്റർ സ്ഥാപിക്കുന്നത് പ്രതിഫലിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ്, സമുദ്ര വിജ്ഞാന കേന്ദ്രം, കമ്മ്യൂണിറ്റി വൈദഗ്ധ്യം, തൊഴിൽ പരിശീലനം, അറിവ് വ്യാപനം എന്നിവയ്ക്കുള്ള ഒരു വേദിയായി പ്രവർത്തിക്കും, മത്സ്യത്തൊഴിലാളികൾ, തീരദേശ യുവാക്കൾ, സംരംഭകർ എന്നിവർക്ക് കേന്ദ്രം പ്രത്യേക പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുന്നു. നീല സമ്പദ്വ്യവസ്ഥയുടെ ഉയർന്നുവരുന്ന മേഖലകളിൽ കരിയർ കെട്ടിപ്പടുക്കാൻ സഹായിക്കുന്ന വിദ്യാർത്ഥികൾക്കും യുവ പ്രൊഫഷണലുകൾക്കും ഇന്റേൺഷിപ്പ് അവസരങ്ങളും കേന്ദ്രം നൽകും.

ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗുരുവായൂർ എംഎൽഎ ശ്രീ എൻ. കെ. അക്ബർ, മത്സ്യത്തൊഴിലാളികൾക്കും തീരദേശ സമൂഹങ്ങൾക്കും അവരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും കേന്ദ്രം സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടികളിലൂടെ മത്സ്യബന്ധന മേഖലയിലെ ആധുനിക സാങ്കേതികവിദ്യകളുമായി പരിചയം നേടുന്നതിനും കേന്ദ്രം പുതിയ വഴികൾ തുറക്കുമെന്ന് അഭിപ്രായപ്പെട്ടു.




വികസിച്ചുകൊണ്ടിരിക്കുന്ന നീല സമ്പദ്വ്യവസ്ഥയ്ക്ക് അനുസൃതമായി അതിവേഗം നവീകരിക്കപ്പെടുന്ന മേഖലകളായ മത്സ്യബന്ധനം, മത്സ്യബന്ധന സാങ്കേതികവിദ്യകൾ, മത്സ്യ സംസ്കരണം എന്നിവയിൽ ഉപജീവനമാർഗ്ഗം അടിസ്ഥാനമാക്കിയുള്ള കഴിവുകൾ പ്രാദേശിക സമൂഹങ്ങളെ സജ്ജമാക്കുക എന്നതാണ് കേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യമെന്ന് മുഖ്യപ്രഭാഷണം നടത്തിയ കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജു കുമാർ പറഞ്ഞു. ഡോ. കെ. ദിനേശ്, ഡോ. എം. കെ. സജീവൻ, ശ്രീ എ. എ. അക്ബർ, ശ്രീ സി. എ. ഗോപപ്രതാപൻ, ഡോ. സീമ സി. , ശ്രീമതി ഷീല രാജ് കമൽ, ഡോ. സി. പി. ഷാജി എന്നിവർ പങ്കെടുത്തു.






# കായിക ഭവൻ നാടിന് സമർപ്പിച്ചു; കായിക മേഖലയുടെ സമഗ്ര ഭരണകേന്ദ്രമാവുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ

സംസ്ഥാന കായിക മേഖലയുടെ ദീർഘകാലത്തെ ആവശ്യമായിരുന്ന കായിക ഭവൻ യാഥാർത്ഥ്യമായി. തിരുവനന്തപുരം വാൻറോസ് ജംഗ്ഷനിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 30 സെന്റ് ഭൂമിയിലാണ് കായിക ഭവൻ നിർമ്മിക്കുന്നത്. ആദ്യഘട്ടമായി എട്ടര കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കായിക ഭവൻ കായിക വകുപ്പ് മന്ത്രി വി അബ്ദുറഹിമാൻ നാടിന് സമർപ്പിച്ചു.

കായിക മേഖലയുടെ സമഗ്ര ഭരണ കേന്ദ്രമായി കായിക ഭവൻ മാറുമെന്ന് മന്ത്രി പറഞ്ഞു. കായിക ഡയറക്ടറേറ്റ്, സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നിവയുടെ പ്രവർത്തനം ഇവിടേക്ക് മാറും. രാജ്യത്ത് ആദ്യമായി ഒരു കായിക വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പ്ലാനിംഗ് ആൻഡ് റിസർച്ച് വിഭാഗവും ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുക.

കഴിഞ്ഞ പത്ത് വർഷത്തിൽ 5000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം കായിക മേഖലയിൽ നടപ്പാക്കി. മുമ്പ് രണ്ട് സിന്തറ്റിക് ട്രാക്കുകൾ മാത്രമുണ്ടായിരുന്ന സംസ്ഥാനത്ത് ഇന്ന് 24 സിന്തറ്റിക് ട്രാക്കുകളുണ്ട്. 830 പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും 20 ശതമാനം വരെ കായിക മേഖലയ്ക്കായി മാറ്റിവയ്ക്കാനും ഓരോ പഞ്ചായത്തിലും അഞ്ച് കായിക പരിശീലകരെ വീതം നിയമിക്കാനും അനുമതി നൽകി. 160 പഞ്ചായത്ത് കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തിയായതായും, എല്ലാ പഞ്ചായത്തുകളിലും ഒരു കോടി രൂപ ചെലവിൽ പുതിയ കളിക്കളം നിർമ്മിക്കുമെന്നും മന്ത്രി പറഞ്ഞു.

2030 ലെ കോമൺവെൽത്ത് ഗെയിംസും 2036 ൽ ഇന്ത്യയിൽ നടക്കാൻ സാധ്യതയുള്ള ഒളിമ്പിക്സും മുന്നിൽക്കണ്ട് മികച്ച കായികതാരങ്ങളെ വാർത്തെടുക്കാൻ 'ഒളിമ്പിക് പാത്ത്' എന്ന പേരിൽ പുതിയ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് മനംകുളത്ത് നാല് സ്റ്റേഡിയങ്ങൾ ഉൾപ്പെടുന്ന സ്പോർട്സ് സർക്യൂട്ട് നിർമ്മിക്കും. കൂടാതെ ജില്ലകളിൽ അന്താരാഷ്ട്ര നിലവാരമുള്ള നീന്തൽക്കുളങ്ങളും ഫുട്ബോൾ ടർഫുകളും അത്ലറ്റിക് ഗ്രൗണ്ടുകളും ഒരുക്കും. 2036 ലെ ഒളിമ്പിക്സിനായി കുറഞ്ഞത് 500 പേരുടെ ടീമിനെ കേരളത്തിൽ നിന്ന് സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.കായിക മേഖലയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 300 കോടി രൂപ ഈ വർഷം മാറ്റിവെച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് കൂടി ചേരുമ്പോൾ 500 കോടിയിലധികം രൂപ കായിക രംഗത്ത് മാത്രം ചിലവഴിക്കാൻ ലഭ്യമാകും. കഴിഞ്ഞ പത്ത് വർഷത്തിനിടെ 960 കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകാൻ കഴിഞ്ഞതായും രാജ്യത്ത് ഏറ്റവുമധികം കായിക താരങ്ങൾക്ക് ജോലി നൽകിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു.ഇന്ത്യയിൽ ആദ്യമായി കായിക ഉച്ചകോടിയും കായിക നയവും സ്പോർട്സ് എക്കണോമിയും നടപ്പിലാക്കിയത് കേരളത്തിലാണ്. 5000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം കായിക മേഖലയിലേക്ക് കൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ 43 കായിക ഇനങ്ങളെ ഉൾപ്പെടുത്തി ഏഴ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉടൻ നിലവിൽ വരുമെന്നും മന്ത്രി വ്യക്തമാക്കി. കായിക വകുപ്പിന്റെ പ്രവർത്തന മാർഗ്ഗരേഖയും കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ പുതിയ വെബ്സൈറ്റും മന്ത്രി പ്രകാശനം ചെയ്തു.

സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫ് അലി അധ്യക്ഷനായി. കായിക യുവജനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കെ ജീവൻ ബാബു സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡയറക്ടർ പി വിഷ്ണുരാജ് റിപ്പോർട്ട് അവതരിപ്പിച്ചു.

വാർഡ് കൗൺസിലർ എസ് ഷേർലി, സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് എം ആർ രഞ്ജിത്ത്, ഒളിമ്പിക്സ് അസോസിയേഷൻ പ്രസിഡന്റ് വി സുനിൽ കുമാർ, ഹാൻഡ് ബോൾ അസോസിയേഷൻ പ്രസിഡന്റ് ബിജു രമേഷ് തുടങ്ങിയവർ സന്നിഹിതരായി.



കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ പുതിയ വെബ്സൈറ്റ് മന്ത്രി വി അബ്ദുറഹിമാൻ ലോഞ്ച് ചെയ്യുന്നു.

## ആധാർ സീഡിംഗ്

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങളും മാർച്ച് 31ന് മുമ്പ് ബാങ്ക് അക്കൗണ്ടുകൾ ആധാർ നമ്പറുമായി ലിങ്കിംഗ് / സീഡിംഗ് ചെയ്യണം. ആധാർ സീഡിംഗ് ചെയ്യാത്ത അംഗങ്ങൾക്ക് ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകില്ലെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്ക്: 0471 – 2325582, 8330010855.

## ക്ലീൻ കേരള കമ്പനിയിൽ ഒഴിവ്

ക്ലീൻ കേരള കമ്പനിയിൽ ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് മാർച്ച് 16 രാവിലെ 10.30ന് വാക് ഇൻ ഇന്റർവ്യൂ നടത്തും. അപേക്ഷകൾ cleankeralacompany@gmail.com ഇ-മെയിൽ മുഖേന നൽകണം. ഉദ്യോഗാർഥികൾ അന്നേ ദിവസം രാവിലെ 9 മണിക്ക് ബന്ധപ്പെട്ട അസൽ രേഖകൾ സഹിതം തിരുവനന്തപുരം വഴുതക്കാടുള്ള കമ്പനിയുടെ ആസ്ഥാന ഓഫീസിൽ ഹാജരാകണം. കൂടുതൽവിവരങ്ങൾക്ക്: 0471–2724600, www.cleankeralacompany.com.

## ലൈഫ് ഭവന പദ്ധതി ആനുകൂല്യങ്ങൾ PMAY(U)-LIFE ഗുണഭോക്താക്കൾക്കും

ലൈഫ് ഭവന പദ്ധതിയ്ക്ക് കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഒക്യുപൻസി, കെട്ടിട നമ്പർ, കെട്ടിട നികുതി യിളവ്, ധനസഹായ ഗഡുക്കൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളുടെ ആനുകൂല്യം PMAY(U)-LIFE പദ്ധതിയിലെ ഗുണഭോക്താക്കൾക്കും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

## പ്രോഗ്രാം ഓഫീസർ

തിരുവനന്തപുരം മെഡിക്കൽ കോളജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ പ്രോഗ്രാം ഓഫീസറുടെ ഒരു താത്കാലിക ഒഴിവിലേക്ക് 23ന് രാവിലെ 10.30ന് വാക് ഇൻ ഇന്റർവ്യൂ നടത്തും. എം.ബി.ബി.എസ്. / ബി.എസ്.സി നഴ്സിങ്/ എം.എസ്.ഡബ്ല്യു/ എം.എസ്.സി സിഡി/ എം.എ. സോഷ്യോളജി/ സൈക്കോളജി എന്നിവയാണ് അടിസ്ഥാന യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, അപേക്ഷ എന്നിവയുമായി സി.ഡി.സിയിൽ അഭിമുഖത്തിന് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.cdckerala.org, 9446553540.

## കംപ്യൂട്ടർ കോഴ്സിൽ പ്രവേശനം

തിരുവനന്തപുരം മുട്ടടയിലുള്ള ഐ.എച്ച്.ആർ.ഡി സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ ജനുവരി മുതൽ ആരംഭിച്ച പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ – (PGDCA: ഒരു വർഷം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA: 6 മാസം), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആൻറ് ഓഫീസ് ഓട്ടോമേഷൻ (DDTOA: ഒരു വർഷം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് (CCLIS: 6 മാസം) എന്നീ കോഴ്സുകളിലേക്ക് (Full time/ Part time - Online/ Offline/ Evening batch) - അഡ്മിഷന് അപേക്ഷ ക്ഷണിച്ചു. ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി എന്നിവയാണ് യോഗ്യതകൾ. എസ്സ്.സി / എസ്സ്.റ്റി / ഒ.ഇ.സി വിഭാഗക്കാർക്ക് ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള പ്രകാരം ഫീസ് സൗജന്യം ലഭിക്കും. പ്രവേശനത്തിനായി ഐ.എച്ച്.ആർ.ഡി. യുടെ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ നേരിട്ടോ 9495069307, 8547005087, 9400519491, 04712550612 (0) നമ്പറുകളിലോ ബന്ധപ്പെടുക.

## ഇന്റേണൽ ഓഡിറ്റർ നിയമനം

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്റർ നിയമനത്തിനായുള്ള അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ ഡൗൺലോഡ് ചെയ്യുന്നതിനും വിശദവിവരങ്ങൾക്കുമായി www.kfri.res.in സന്ദർശിക്കുക. അപേക്ഷകൾ കെ.എസ്.സി.എസ്.ടി.ഇ കെ.എഫ്.ആർ.ഐ, പീച്ചി 680653, തൃശൂർ എന്ന വിലാസത്തിൽ ഏപ്രിൽ 6ന് മുമ്പ് ലഭിക്കത്തവിധം അയയ്ക്കണം.

## സ്പെഷ്യൽ എഡ്യുക്കേറ്റർ ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ സ്പെഷ്യൽ എഡ്യുക്കേറ്ററുടെ താത്കാലിക ഒഴിവിലേക്ക് 18ന് രാവിലെ 10.30ന് വാക് ഇൻ ഇന്റർവ്യു നടത്തും.

സോഷ്യൽ സയൻസ്, ഹുമാനിറ്റീസ്, സയൻസ് വിഷയങ്ങളിലെ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ അന്നേദിവസം സി.ഡി.സിയിൽ അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.cdckerala.org, 9446553540.

## വിജ്ഞാപനം പ്രസിദ്ധീകരിച്ചു

ഏപ്രിൽ മാസം നടത്തുന്ന മലയാളശ്രീ-ഓറിയന്റൽ സ്കൂളുകളിലെ വിദ്യാർഥികൾക്കുള്ള മലയാളം തുല്യതാ പരീക്ഷയുടെ വിജ്ഞാപനം https://bpekerala.in/malayalasree ൽ പ്രസിദ്ധീകരിച്ചു. മാർച്ച് 19 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

## കെ.ഡി.ആർ.ബി: അസൽ രേഖകൾ 19 വരെ സമർപ്പിക്കാം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് പ്രസ് മാനേജർ (കാറ്റഗറി നമ്പർ: 45/2025), അസിസ്റ്റന്റ് മെഷീൻ ഓപ്പറേറ്റർ (കാറ്റഗറി നമ്പർ: 46/2025), കമ്പോസിറ്റർ കം പ്രൂഫ് റീഡർ (കാറ്റഗറി നമ്പർ: 47/2025), ബൈന്റർ (കാറ്റഗറി നമ്പർ: 48/2025), ഗോൾഡ് സ്മിത്ത് (കാറ്റഗറി നമ്പർ: 50/2025), ട്യൂട്ടർ (മ്യൂസിക്ക്) (കാറ്റഗറി നമ്പർ: 51/2025), പാർട്ട് ടൈം പഞ്ചവാദ്യം കം വാച്ചർ (കാറ്റഗറി നമ്പർ: 52/2025), നാദസ്വരം കം വാച്ചർ (കാറ്റഗറി നമ്പർ: 76/2025), തകിൽ കം വാച്ചർ (എൻ.സി.എ ഈഴവ) (കാറ്റഗറി നമ്പർ: 81/2025), തകിൽ കം വാച്ചർ (എൻ.സി.എ - ഇ.ഡബ്ല്യൂ.എസ്) (കാറ്റഗറി നമ്പർ: 82/2025), തകിൽ കം വാച്ചർ (എൻ.സി.എ - എസ്.സി) (കാറ്റഗറി നമ്പർ: 83/2025), നാദസ്വരം കം വാച്ചർ (എൻ.സി.എ - ഈഴവ) (കാറ്റഗറി നമ്പർ: 84/2025), നാദസ്വരം കം വാച്ചർ (എൻ.സി.എ - എസ്.സി) (കാറ്റഗറി നമ്പർ: 86/2025), നാദസ്വരം കം വാച്ചർ (എൻ.സി.എ - ഒ.ബി.സി) (കാറ്റഗറി നമ്പർ: 88/2025) എന്നീ തസ്തികകളിലേയ്ക്കും കൊച്ചിൻ ദേവസ്വം ബോർഡിലെ സോപാനം പാട്ട് (കാറ്റഗറി -നമ്പർ: 72/2025), താളം (കാറ്റഗറി നമ്പർ: 73/2025), കീഴ്ശാന്തി (കാറ്റഗറി നമ്പർ: 75/2025) എന്നീ തസ്തികകളിലേയ്ക്കും 01.09.2025, 31.12.2025 തീയതികളിലെ വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള പേര്, വയസ്, മേൽവിലാസം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തി പരിചയം, ജാതി സംവരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ ദേവജാലിക പ്രൊഫൈലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി മാർച്ച് 19 വരെ ദീർഘിപ്പിച്ചു.

## ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ എട്ടാം ക്ലാസ് പ്രവേശനത്തിന് അപേക്ഷിക്കാം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കീഴിൽ എറണാകുളം ജില്ലയിൽ കലൂരിലും (04842347132/8547005008) കപ്രാശ്ശേരിയിലും (ചെങ്ങമനാട്, 0484-2604116/8547005015), മലപ്പുറം ജില്ലയിൽ വാഴക്കാട് (04832725215/8547005009), വട്ടംകുളം (04942681498/8547005012), പെരിന്തൽമണ്ണ (04933225086/8547021210) എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ പുതുപ്പള്ളി (0481 2351485/8547005013)യിലും, ഇടുക്കി ജില്ലയിൽ മുട്ടം, തൊടുപുഴ (04862255755/8547005014)യിലും പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി (04692680574/8547005010)യിലും പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 2026-27 അദ്ധ്യയന വർഷത്തിൽ എട്ടാം ക്ലാസ് പ്രവേശനത്തിന് അർഹരായവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 01.06.2026നു 16 വയസ് തികയാത്തവരായിരിക്കണം.

ഏഴാം ക്ലാസോ തത്തുല്യ പരീക്ഷയോ പാസ്സായവർക്കും പരീക്ഷാ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകൾ നേരിട്ടും, ihrd.kerala.gov.in/ths മുഖേന ഓൺലൈനായും സമർപ്പിക്കാം. അപേക്ഷയുടെ രജിസ്ട്രേഷൻ ഫീസായി 115 രൂപ (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് 60 രൂപ) അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ബാങ്ക് അക്കൗണ്ടിൽ അടച്ച്, പണമടച്ചതിന്റെ വിശദാംശങ്ങൾ ഓൺലൈൻ പോർട്ടലിൽ രേഖപ്പെടുത്തണം. അപേക്ഷാ ഫീസ് ബന്ധപ്പെട്ട സ്കൂൾ ഓഫീസിൽ പണമായോ, പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന ഡി.ഡി ആയോ നൽകാവുന്നതാണ്. പ്രോസ്പെക്ടസ് വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ ഓൺലൈനായി ഏപ്രിൽ 15 വൈകിട്ട് 4 വരെയും സ്കൂളിൽ നേരിട്ട് ഏപ്രിൽ 16 വൈകുന്നേരം 4 വരെയും സമർപ്പിക്കാം.

# കെയ്സിന്റെ അക്രഡിറ്റേഷൻ ആൻഡ് അഫിലിയേഷൻ നയം മന്ത്രി വി ശിവൻകുട്ടി പ്രഖ്യാപിച്ചു

കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരെ നവീന തൊഴിൽ മേഖലകൾക്ക് സജ്ജരാക്കുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള സെന്റർ ഫോർ സ്കിൽസ് എക്സലൻസിന്റെ അക്രഡിറ്റേഷൻ ആൻഡ് അഫിലിയേഷൻ നയം തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി ശിവൻകുട്ടി പ്രഖ്യാപിച്ചു. തൈക്കാട് ലെമൺ ട്രീ പ്രിമിയറിൽ നടന്ന ചടങ്ങിൽ കെയ്സിന്റെ ക്വാളിറ്റി സീലും മന്ത്രി അനാവരണം ചെയ്തു.

ജനകീയ ആസൂത്രണ മാതൃകയിൽ നൈപുണ്യ വികസനത്തെ വികേന്ദ്രീകരിക്കുകയാണ് ലക്ഷ്യം. സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനു വേണ്ടിയാണ് നയരൂപീകരണം. ഓരോ ജില്ലയെയും ഓരോ ലേബർ മാർക്കറ്റ് യൂണിറ്റായി പരിഗണിച്ച് പ്രാദേശികമായ തൊഴിൽ സങ്കീർണതകൾ പരിഹരിക്കും. വിദ്യാർത്ഥികൾ, മിഡ്-കരിയർ പ്രൊഫഷണലുകൾ, തൊഴിൽരഹിതർ, മടങ്ങിവന്ന പ്രവാസികൾ, പരമ്പരാഗത തൊഴിൽ മേഖലയിലുള്ളവർ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തരംതിരിച്ചാണ് പരിശീലനം നൽകുന്നത്. മികച്ച നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി പ്രത്യേക സ്റ്റേറ്റ് ക്വാളിറ്റി ഫ്രെയിംവർക്ക് നയത്തിന്റെ ഭാഗമായി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 7.5 ലക്ഷം വിദ്യാർത്ഥികളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും തൊഴിൽ വിപണിയിലേക്ക് എത്തുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കനുസരിച്ച് ഏകദേശം 40 ലക്ഷത്തോളം പേർക്ക് നൈപുണ്യ പരിശീലനം നൽകേണ്ടതുണ്ട്. ഈ വലിയ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ സംവിധാനങ്ങൾക്കൊപ്പം സ്വകാര്യ മേഖലയിലെ മികച്ച പരിശീലന സ്ഥാപനങ്ങളുടെ സേവനവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തും. ജില്ലാ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ള ഏജൻസികൾക്ക് കെയ്സിന്റെ വെബ്സൈറ്റിലൂടെ ഏപ്രിൽ 15 വരെ പ്രോജക്ടുകൾ സമർപ്പിക്കാം. അതാത് ജില്ലകളിലെ വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ പരിശീലനം നൽകാൻ കഴിയുന്ന എല്ലാ സ്ഥാപനങ്ങളും സർക്കാരിന്റെ ഈ മഹത്തായ ഉദ്യമത്തിൽ പങ്കാളികളാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. നൈപുണ്യ കേരളം കെട്ടിപ്പടുക്കുന്നതിനായി എല്ലാവരും കൈകോർക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷാനവാസ് അദ്ധ്യക്ഷനായ ചടങ്ങിൽ കെയ്സ് മാനേജിംഗ് ഡയറക്ടർ സൂഫിയാൻ അഹമ്മദ്, ബിഎഫ്എസ്ഐ സെക്ടർ സ്കിൽ കൗൺസിൽ ഓഫ് ഇന്ത്യ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സൗമ്യ രഞ്ജൻ, ആർഡിഎസ്ഡിഇ കേരള റീജിയണൽ ഡയറക്ടർ യുവരാജ് സി, എൻടിടിഎഫ് അക്കാദമിക് മേധാവി അയ്യപ്പൻ ആർ, കെയ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ വിനോദ് ടി വി, സ്കിൽ കൺവെർജൻസ് മാനേജർ അനൂപ് പി തുടങ്ങിയവർ സംബന്ധിച്ചു.




കേരള സെന്റർ ഫോർ സ്കിൽസ് എക്സലൻസിന്റെ ആഭിമുഖ്യത്തിലുള്ള അക്രഡിറ്റേഷൻ ആൻഡ് അഫിലിയേഷൻ നയപ്രഖ്യാപനവും ക്വാളിറ്റി സീൽ അനാവരണവും തൈക്കാട് ലെമൺ ട്രീ പ്രീമിയർ ഹോട്ടലിൽ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു.

# സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറിയുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു

സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറിയുടെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബ് കോമ്പൗണ്ടിൽ നടന്ന പൊതുസമ്മേളനത്തിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. അഡ്വ വി. കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷതവഹിച്ചു. അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖൊബ്രഗഡെ മുഖ്യ പ്രഭാഷണം നടത്തി. പരിപാടിയിൽ കേരള ഹെൽത്ത് സിസ്റ്റം ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം, ആരോഗ്യ പ്രവർത്തകർക്കായി കളങ്ങമായി ചേർന്ന് നടത്തുന്ന പരിശീലന കോഴ്സ് എന്നിവയുടെ ഉദ്ഘാടനവും സംസ്ഥാന അനുബന്ധ ആരോഗ്യ പരിചരണ കൗൺസിലിന്റെ ലോഗോ പ്രകാശനവും നിർവ്വഹിച്ചു.

5 കോടി രൂപ ചെലവഴിച്ച് 6000 ചതുരശ്ര അടി വിസ്തീർണത്തിൽ മൂന്നു നിലകളിലായായാണ് പുതിയ പബ്ലിക് ഹെൽത്ത് ലബോറട്ടറി കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. വിവിധ ദേശീയ ആരോഗ്യ പരിപാടികളായ പ്രാണിജന്യരോഗ നിയന്ത്രണം, ഹെപ്പറ്റൈറ്റിസ് നിയന്ത്രണം, പേ വിഷബാധ നിയന്ത്രണം തുടങ്ങി പൊതുജനാരോഗ്യ പ്രധാനമായ വിവിധ പരിശോധനകളാണ് സംസ്ഥാന ലാബിൽ പ്രധാനമായും നടക്കുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം തന്നെ 1937 മുതൽ നിലവിലുള്ള പഴയ കെട്ടിടങ്ങളിലാണ് ഇതുവരെ നടന്നിരുന്നത്. പുതിയ കെട്ടിടം പ്രവർത്തനം ആരംഭിച്ചതോടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകും.

സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ. ജെ. റീന, ഡയറക്ടർ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ, ഡോ. വിശ്വനാഥൻ, സ്റ്റേറ്റ് പബ്ളിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറി ഡയറക്ടർ ഡോ. എസ്. സുനിജ, ജില്ലാ മെഡിക്കൽ ആഫീസർ ഡോ. ബിന്ദു മോഹൻ, അഡിഷണൽ ഡയറക്ടർമാരായ ഡോ. വി. മീനാക്ഷി ഡോ. റീത്ത കെ.പി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ് എസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



## കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

ലോകബാങ്ക് സഹകരണത്തോടെ സംസ്ഥാനത്ത് ആരോഗ്യവകുപ്പ് നടപ്പാക്കുന്ന കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം (KHSIP) ഉദ്ഘാടനം ചെയ്തു.

3,000 കോടിയുടെ വേൾഡ് ബാങ്ക് സഹായത്തോടെ സംസ്ഥാന ആരോഗ്യസംവിധാനത്തെ പുതു തലമുറ പ്രശ്നങ്ങളെ തരണനം ചെയ്യാൻ കൂടുതൽ പ്രാപ്തമാക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാകർ നടപ്പാക്കുന്ന പദ്ധതിയാണ് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം (KHSIP). ആരോഗ്യ സേവങ്ങളുടെ ലഭ്യത, ഗുണമേന്മ, പ്രതീകരണശേഷി എന്നിവ ശക്തിപ്പെടുത്തുന്നതിനായി തികച്ചും ലക്ഷ്യാധിഷ്ഠിതമായി (Programme for Results) രീതിയിൽ ആയിരിക്കും പദ്ധതി നടപ്പാക്കുക

KHSIP പദ്ധതിക്കു ആറ് പ്രധാന ഘടകങ്ങളുണ്ട്. സമഗ്രമായ പകർച്ചേതര വ്യാധി പരിചരണം, മുതിർന്ന പൗരന്മാർക്കായുള്ള ആരോഗ്യ സേവനങ്ങൾ, 108 ആംബുലൻസ് സേവനങ്ങളോടുകൂടിയ അടിയന്തര ചികിത്സയും, സംസ്ഥാനതല ഏകാരോഗ്യ നിരീക്ഷണം, കാലാവസ്ഥ പ്രതികരണ ശേഷിയുള്ള ആരോഗ്യ സൗകര്യങ്ങൾ, ഡിജിറ്റൽ ഹെൽത്ത് രജിസ്ട്രികൾ, വിവര വിശകലനം എന്നിവ വഴി വേഗത്തിലുള്ള ഡിജിറ്റൽ ആരോഗ്യ ഏകീകരണം എന്നിവയാണ് അവ.

KHSIP നിക്ഷപം നടത്തുന്ന എല്ലാ മേഖലകളിലും കൃത്യവും അളക്കാനാവുന്നതുമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഫലങ്ങൾ തിട്ടപ്പെടുത്തും. ഉത്തരവാദിത്തം ഉറപ്പാക്കുകയും, വിവിധ മേഖലകളിലുടനീളമുള്ള സഹകരണം പ്രോത്സാഹിപ്പിക്കുകയും, ദുർബല കുടുംബങ്ങളെ സംരക്ഷിക്കുന്നതും ഭാവിയിലെ ആരോഗ്യ വെല്ലുവിളികളെ നേരിടാനുള്ള പ്രതിരോധ ശേഷി വർധിപ്പിക്കുന്നതുമായ സ്ഥിരതയുള്ള ആരോഗ്യ സംവിധാനം എന്നിവ ഉറപ്പാക്കും.

കേരള ഹെൽത്ത് സിസ്റ്റം ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം ഉദ്ഘാടന ചടങ്ങിൽ വേൾഡ് ബാങ്ക് പ്രതിനിധികളായ ഡോ ദീപിക ചൗധരി സീനിയർ ഹെൽത്ത്, ന്യൂട്രിഷൻ & പോപുലേഷൻ സ്പെഷ്യലിസ്റ്റ്, വേൾഡ് ബാങ്; ഡോ ദിനേശ് നായർ, സീനിയർ ഹെൽത്ത് സ്പെഷ്യലിസ്റ്റ്, വേൾഡ് ബാങ്ക്; ഡോ പി ഗണേഷ്കുമാർ ങ്ങള സയന്റിസ്റ്റ് ഇ & ഹെഡ്, ഡിവിഷൻ ഓഫ് നോൺ കമ്മ്യൂണിക്കൽ ഡിസീസസ് ICMR നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപിഡെമിയോളജി, ചെന്നൈ എന്നിവർ ഓൺലൈൻ ആയി സന്നിഹിതരായിരുന്നു.

## ആരോഗ്യപ്രവർത്തകർക്കായി ICMRമായി ചേർന്ന് പരിശീലന കോഴ്സ്

ഇന്റർമീഡിയറ്റ് ഫീൽഡ് എപിഡെമിയോളജി ട്രെയിനിംഗ് പ്രോഗ്രാം (Intermediate FETP) എന്ന ആരോഗ്യപ്രവർത്തകർക്കായുള്ള പ്രായോഗിക പരിശീലനത്തിലൂന്നിയ ഒരു വർഷത്തെ പരിശീലന പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

പ്രായോഗിക എപിഡെമിയോളജിയിലും രോഗ നിരീക്ഷണത്തിലും പൊതുജനാരോഗ്യ വിദഗ്ധരുടെ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. രോഗ നിരീക്ഷണം,, പൊതുജനാരോഗ്യ വിവരങ്ങൾ വിശകലനം ചെയ്യുക, സംസ്ഥാനവും ജില്ലാതലവും ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയ്ക്കാവശ്യമായ കഴിവുകൾ വികസിപ്പിക്കുക എന്നിവയിലൂന്നിയാകും പരിശീലനം.

ജില്ലാതലത്തിലെ 20 ഉദ്യോഗസ്ഥർക്കായി ആസൂത്രണം ചെയ്തിരിക്കുന്ന Intermediate FETP പൊതുജനാരോഗ്യ പ്രവർത്തകരുടെ ശേഷി ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കും. അടിയന്തര സാഹചര്യങ്ങളിൽ ആരോഗ്യ പ്രവർത്തകർ ഫലപ്രദമായി പ്രതികരിക്കാനും രോഗ പ്രതിരോധ നിയന്ത്രണ പദ്ധതികൾ മെച്ചപ്പെടുത്താനും ആരോഗ്യ സംവിധാനത്തിൽ തെളിവ് അടിസ്ഥാനമാക്കിയ തീരുമാനമെടുക്കാനും പരിശീലനം സഹായിക്കും.

IFTEP-നു പുറമെ, ഈ പദ്ധതിയിൽ Competency Based Training (CEPT) എന്ന ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് (120 ബ്ലോക്ക് എപിഡെമിയോളജിസ്റ്റുകൾക്കായി), പരിശീലകരുടെ പരിശീലനം (ToT), 40 സംസ്ഥാനതല മെന്റർമാർക്കായി 15 ദിവസത്തെ പരിശീലനം കോഴ്സും ഉൾപ്പെടുന്നു.

ഈ മൂന്ന് പരിപാടികളിലൂടെയും കേരള ഹെൽത്ത് 15 മാസത്തിനുള്ളിൽ 180 പേരെ പരിശീലിപ്പിക്കും. പൂർണ്ണമായും സംസ്ഥാന ധനസഹായത്തോടെ നടപ്പാക്കുന്ന പരിപാടിയാണിത് പരിശീലനം നേടിയവർ നിർബന്ധമായും സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ 3 മുതൽ 5 വർഷം വരെ സേവനം അനുഷ്ഠിക്കണം.

## സംസ്ഥാന അനുബന്ധ ആരോഗ്യ പരിചരണ കൗൺസിൽ ലോഗോ പ്രകാശനം

സംസ്ഥാന അനുബന്ധ ആരോഗ്യ പരിചരണ കൗൺസിലിന്റെ ലോഗോ പ്രകാശനം ചെയ്തു.

2021-ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത്കെയർ പ്രൊഫഷൻസ് ആക്റ്റ് പ്രകാരം സ്ഥാപിതമായ സംസ്ഥാന കൗൺസിലിന്റെ പ്രധാന ഉത്തരവാദിത്തങ്ങൾ ആരോഗ്യ അനുബന്ധ മേഖലകളിലുള്ള പ്രൊഫഷണലുകൾക്കായുള്ള വിദ്യാഭ്യാസവും സേവനങ്ങളും നിയന്ത്രിക്കുക, മാനദണ്ഡങ്ങൾ രൂപീകരിക്കുക, ഗുണമേന്മ മെച്ചപ്പെടുത്തുക എന്നിവ എന്നിവയാണ്.

# കായിക മേഖലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ 5000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമുറപ്പാക്കി: മന്ത്രി വി. അബ്ദുറഹിമാൻ

കേരളത്തിന്റെ കായിക മേഖലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ 5000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമുറപ്പാക്കാൻ സംസ്ഥാന സർക്കാരിനായി എന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ. 2022-23, 2023-24, 2024-25 വർഷങ്ങളിലെ ജി. വി. രാജ പുരസ്കാരം, ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മാധ്യമ പുരസ്കാരങ്ങൾ എന്നിവയുടെ വിതരണോദ്ഘാടനം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

2016ൽ സംസ്ഥാനത്ത് വെറും രണ്ട് സിന്തറ്റിക് ട്രാക്കുകൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 24 ആയി ഉയർന്നു. ഈ മാസം തന്നെ നാല് ട്രാക്കുകൾ കൂടി പൂർത്തിയാക്കി കായിക താരങ്ങൾക്കായി തുറന്നു കൊടുക്കും. ഒളിമ്പിക്സ് ലക്ഷ്യമിട്ടുള്ള വിപുലമായ പരിശീലന പരിപാടികളാണ് കായിക വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി 'കേരള ഒളിമ്പിക്സ് പാത്ത് വേ' എന്ന പദ്ധതിക്ക് ബജറ്റിൽ തുക അനുവദിച്ചു കഴിഞ്ഞു. വിദേശ പരിശീലകരുടെ സേവനം ഉറപ്പാക്കുന്നതിനായി ആറ് വിദേശ രാജ്യങ്ങളുമായി കരാർ ഒപ്പിട്ടു കഴിഞ്ഞതായും മന്ത്രി പറഞ്ഞു.

കായിക മേഖലയിൽ മികച്ച പ്രകടനം നടത്തുന്നവർക്ക് ജോലി ഉറപ്പാക്കുന്ന കാര്യത്തിൽ വലിയ മുന്നേറ്റമാണ് സംസ്ഥാന സർക്കാർ നടത്തിയത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 991 കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി നൽകാൻ കഴിഞ്ഞു. പരിക്കു പറ്റി കായിക ജീവിതം അവസാനിപ്പിക്കേണ്ടി വരുന്ന താരങ്ങളെ ചേർത്തുപിടിക്കാൻ പ്രത്യേക നിയമനം നടത്തുന്നു. ഈ സാമ്പത്തിക വർഷം തന്നെ രണ്ട് പേർക്ക് ഇത്തരത്തിൽ ജോലി നൽകിയതായും മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കായിക പരിശീലകരെ നിയമിക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ട്. സ്പോർട്സ് സ്കൂളുകൾക്കായി അടുത്ത അധ്യയന വർഷം മുതൽ പ്രത്യേക സിലബസ് നടപ്പിലാക്കും.

പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസവും കായിക രംഗവും പരസ്പര പൂരകങ്ങളാണെന്നും കായിക സംസ്കാരം വിദ്യാഭ്യാസ രീതിയുടെ ഭാഗമാക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. പാഠപുസ്തകത്തിലെ അറിവിനൊപ്പം മൈതാനത്തെ അച്ചടക്കവും പോരാട്ടവീര്യവും കുട്ടികൾക്ക് പകർന്നു നൽകണമെന്നും മന്ത്രി പറഞ്ഞു.2022-23, 2023-24, 2024-25 വർഷങ്ങളിലെ മികച്ച കായിക താരങ്ങൾക്കുള്ള ജി. വി. രാജ പുരസ്കാരം, ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മാധ്യമ പുരസ്കാരങ്ങൾ എന്നിവ ചടങ്ങിൽ വിതരണം ചെയ്തു. 'വിഷൻ 2031' കായിക സെമിനാർ റിപ്പോർട്ടിന്റെ പ്രകാശനവും മന്ത്രി വി. അബ്ദുറഹിമാൻ ചടങ്ങിൽ നിർവഹിച്ചു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു. ഷറഫലി സ്വാഗതം ആശംസിച്ചു. സെക്രട്ടറി വിഷ്ണുരാജ് പി. റിപ്പോർട്ട് അവതരിപ്പിച്ചു. വാർഡ് കൗൺസിലർ ആർ. ഹരികുമാർ, മുൻ ഇന്ത്യൻ നാഷണൽ ഫീൽഡ് ഹോക്കി ടീം ക്യാപ്റ്റനും അർജുന അവാർഡ് ജേതാവുമായ പി. ആർ. ശ്രീജേഷ്, സ്പോർട്സ് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളായ കെ. സി. ലേഖ, രഞ്ജു സുരേഷ്, ഗോപൻ ജെ. എസ്., ബാബു പി. ഐ. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് എം. ആർ. രഞ്ജിത്ത് നന്ദി പറഞ്ഞു.




ജി.വി. രാജ അവാർഡിന്റെയും കായിക-മാധ്യമ അവാർഡുകളുടെയും വിതരണോദ്ഘാടനം കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിക്കുന്നു

# പ്രിൻസിപ്പൽ നിയമനം

പട്ടികവർഗ വികസന വകുപ്പിനു കീഴിലുള്ള ഞാറനീലി ഡോ. അംബേദ്കർ വിദ്യനികേതൻ സി ബി എസ് ഇ സ്കൂളിലേയ്ക്ക് 2026-27 അദ്ധ്യയന വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിനെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകൾ മാർച്ച് 31ന് മുമ്പ് പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കണം. റസിഡൻഷ്യൽ സ്വഭാവമുള്ളതിനാൽ സ്കൂളിൽ താമസിച്ച് ജോലി ചെയ്യുന്നതിന് സമ്മതമുള്ളവർമാത്രം അപേക്ഷിച്ചാൽ മതിയാകും.

# നിഷ് – ൽ ക്ലിനിക്കൽ സൂപ്പർവൈസർ (ഫിസിയോതെറാപ്പി) ഒഴിവ്

തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ ഒരു വർഷത്തെ ക്ലിനിക്കൽ അസിസ്റ്റന്റ് ഷിപ്പ് പ്രോഗ്രാമിന് കീഴിൽ ക്ലിനിക്കൽ സൂപ്പർവൈസർ (ഫിസിയോതെറാപ്പി) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി: 2026 ജനുവരി 1-ന് 40 വയസ് കവിയാൻ പാടില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 16 വൈകിട്ട് 5 വരെ. കൂടുതൽ വിവരങ്ങൾക്ക്: http://nish.ac.in/others/career.

# കുടുംബശ്രീ മിഷൻ സാന്ത്വനമിത്രം: സ്കിൽ അറ്റ് കോൾ പദ്ധതി ഉദ്ഘാടനം ചെയ്തു, ടൂൾ കിറ്റ് വിതരണവും നടന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നൊവേഷൻ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും പുതുമയാർന്ന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (ഗ ഉകടഇ) ഇന്നൊവേഷൻ ഡേ 2026 സംഘടിപ്പിച്ചു. തിരുവനന്തപുരം ഹോട്ടൽ ഹൈസിന്തിൽ വച്ചാണ് പരിപാടി നടന്നത്. വിവിധ മേഖലകളിലെ വിദഗ്ധർ, സ്റ്റാർട്ട്-അപ്പ് സംരംഭകർ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

രോഗി പരിചരണ മേഖലയിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് 10 ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ സാന്ത്വനമിത്രം വോളണ്ടിയർമാർക്ക് ടൂൾകിറ്റ് വിതരണം ചെയ്തു. മാറുന്ന സാമൂഹിക സാഹചര്യത്തിൽ വീടുകളിലെ കിടപ്പു രോഗികളെ പരിചരിക്കാൻ വിദഗ്ധ പരിശീലനം സിദ്ധിച്ചവരാണ് ഈ വോളണ്ടിയർമാർ. നിശ്ചിത ഫീസ് ഇടാക്കിയാണ് കുടുംബശ്രീ സിഡിഎസ്സുകൾ ഈ സേവനം നൽകുന്നത്.

ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് പരിപാടി ഉദ്ഘാടനം ചെയ്തു. യൂത്ത്4ജോബ് (യൂത്ത് ഫോർ ജോബ്സ്) പദ്ധതിയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളും വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം (ങീഡ) ഒപ്പുവെക്കലും ചടങ്ങിൽ നടന്നു.



വിജ്ഞാനകേരളം, കുടുംബശ്രീയുമായി ചേർന്ന് നടപ്പാക്കുന്ന സാന്ത്വന മിത്രം, സ്കിൽ അറ്റ് കോൾ എന്നീ പരിപാടികളുടെ ഉദ്ഘാടനവും വേദിയിൽ നടന്നു. പരിപാടിയിൽ കുടുംബശ്രീ മിഷനെ പ്രതിനിധീകരിച്ച് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ എച്ച് ദിനേശൻ ഐഎഎസ്, തിരുവനന്തപുരം ജില്ല മിഷൻ കോ ഓർഡിനേറ്റർ ശ്രീ ജി രമേഷ്, അസിസ്റ്റന്റ് ജില്ല മിഷൻ കോ ഓർഡിനേറ്റർ ശ്രീ ആർ ഉണ്ണികൃഷ്ണൻ, മൈക്രോ എന്റർപ്രൈസസ് വിഭാഗം ജില്ലാ പ്രോഗ്രാം മാനേജർ ശ്രീ എസ് നീരജ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

## 'സഭ നിയമപ്രകാരമേ നടക്കൂ, മൈക്ക് ഓഫ് ചെയ്യാൻ സ്വിച്ചില്ല'; സ്പീക്കറുടെ കസേരയിൽ വീണ്ടും ഓം ബിർള

ന്യൂഡൽഹി: ലോക്സഭാ സ്പീക്കർക്കെതിരെ പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്ക് സ്പീക്കർ ഓം ബിർള മറുപടി നൽകി. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ മൂന്നാം തവണയാണ് ഒരു സ്പീക്കർക്കെതിരെയുള്ള പ്രമേയം സഭയിൽ ചർച്ച ചെയ്യപ്പെടുന്നത്. രണ്ട് ദിവസങ്ങളിലായി 12 മണിക്കൂറിലധികം നീണ്ട ചർച്ചകൾക്കൊടുവിലാണ് സ്പീക്കർ തൻറെ നിലപാട് വ്യക്തമാക്കിയത്.

പ്രതിപക്ഷ നേതാവിനോ മന്ത്രിമാർക്കോ സഭാ നിയമങ്ങൾക്ക് അതീതമായി പ്രവർത്തിക്കാൻ പ്രത്യേക അവകാശമില്ലെന്ന് സ്പീക്കർ വ്യക്തമാക്കി. സഭയിലെ ഓരോ അംഗവും ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി മാത്രമേ സംസാരിക്കാവൂ എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സഭയിൽ പ്രതിപക്ഷത്തിൻറെ മൈക്ക് ഓഫാക്കുന്നു എന്ന ആരോപണത്തെ അദ്ദേഹം പൂർണമായും തള്ളിക്കളഞ്ഞു. സ്പീക്കറുടെ ഇരിപ്പിടത്തിൽ മൈക്ക് ഓഫ് ചെയ്യാനോ ഓൺ ചെയ്യാനോ ഉള്ള സ്വിച്ചുകൾ ഇല്ലെന്നും, ആർക്കാണോ സംസാരിക്കാൻ അനുമതി നൽകുന്നത് അവരുടെ മൈക്ക് തനിയെ പ്രവർത്തനസജ്ജമാകുന്നതാണ് സഭയിലെ രീതിയെന്നും അദ്ദേഹം വിശദീകരിച്ചു.

സഭയുടെ മധ്യഭാഗത്തേക്ക് ഇറങ്ങുന്നതും, പ്ലക്കാർഡുകൾ ഉയർത്തുന്നതും, പേപ്പറുകൾ കീറിയെറിയുന്നതും സഭാ മര്യാദകൾക്ക് വിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. സഭയുടെ അന്തസ് കാത്തുസൂക്ഷിക്കാൻ അംഗങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടി വരുന്നത് മാനസികമായി പ്രയാസമുണ്ടാക്കുന്ന കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സഭയിലെ വനിതാ അംഗങ്ങൾക്ക് സംസാരിക്കാൻ താൻ എപ്പോഴും മുൻഗണന നൽകാറുണ്ടെന്നും തൻറെ കാലയളവിലാണ് ഏറ്റവും കൂടുതൽ വനിതാ അംഗങ്ങൾ സഭയിൽ സംസാരിച്ചതെന്നും അദ്ദേഹം അവകാശപ്പെട്ടു. താൻ സ്പീക്കർ പദവിയിൽ ഇരിക്കുന്നത് വ്യക്തിപരമായ താത്പര്യങ്ങൾക്കല്ല, മറിച്ച് 140 കോടി ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഭരണഘടനാപരമായ മൂല്യങ്ങൾ സംരക്ഷിക്കാനാണെന്നും അദ്ദേഹം മറുപടി പ്രസംഗത്തിൽ പറഞ്ഞു.

## നേതാജിയുടെ ഭൗതികാവശിഷ്ടങ്ങൾ ഇന്ത്യയിലെത്തിക്കണമെന്ന ഹർജി പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: നേതാജി സുഭാഷ് ചന്ദ്രബോസിൻറെ ഭൗതികാവശിഷ്ടങ്ങൾ ജപ്പാനിൽ നിന്ന് ഇന്ത്യയിലേക്ക് തിരികെ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജി പരിഗണിക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു. നേതാജിയുടെ പേരക്കുട്ടി ആശിഷ് റേ നൽകിയ റിട്ട് ഹർജിയാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് തള്ളിയത്.

ഇക്കാര്യത്തിൽ മുൻപ് സമർപ്പിക്കപ്പെട്ട സമാനമായ ഹർജികളെല്ലാം കോടതി തള്ളിയിട്ടുള്ളതാണെന്ന് ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. നേതാജി രാജ്യത്തെ ഏറ്റവും വലിയ പോരാളികളിൽ ഒരാളാണെന്നും അദ്ദേഹത്തിൻറെ സ്മരണയ്ക്ക് മുന്നിൽ കോടതി തലവണങ്ങുന്നുവെന്നും ബെഞ്ച് വ്യക്തമാക്കി.

എന്നാൽ, ഈ വിഷയത്തിൽ കുടുംബാംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടോ എന്ന് കോടതി ആരാഞ്ഞു.

ഹർജിക്കാരനായ ആശിഷ് റേയ്ക്ക് പകരം നേതാജിയുടെ ഏക മകൾ തന്നെ നേരിട്ട് കോടതിയെ സമീപിക്കണമെന്ന് ജസ്റ്റിസ് ജോയ്മാല്യ ബാഗ്ചി നിരീക്ഷിച്ചു. നേതാജിയുടെ മകൾ ഓൺലൈനായി കോടതി നടപടികൾ വീക്ഷിക്കുന്നുണ്ടെന്നും അവർക്ക് ഹർജിയിൽ പൂർണ പിന്തുണയുണ്ടെന്നും മുതിർന്ന അഭിഭാഷകൻ മനു അഭിഷേക് സിംഗ്വി അറിയിച്ചെങ്കിലും, പിൻസീറ്റിലിരുന്ന് പോരാടാതെ നിയമപരമായ അവകാശിയെന്ന നിലയിൽ അവർ തന്നെ ഹർജി നൽകണമെന്ന് കോടതി നിർദേശിച്ചു.

കോടതിയുടെ നിലപാടിനെത്തുടർന്ന് നേതാജിയുടെ മകൾ തന്നെ നേരിട്ട് പുതിയ ഹർജി ഫയൽ ചെയ്യുമെന്ന് സിംഗ്വി അറിയിച്ചു. ഇതിനെത്തുടർന്ന് നിലവിലെ ഹർജി പിൻവലിക്കാൻ കോടതി അനുമതി നൽകി. ജപ്പാനിലെ റെങ്കോജി ക്ഷേത്രത്തിലാണ് നേതാജിയുടേതെന്ന് വിശ്വസിക്കപ്പെടുന്ന ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നത്.

## ഇറാൻ ഇസ്രയേൽ സംഘർഷം രൂക്ഷം; ഇറാക്കിൽ ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ടു

ടെഹ്റാൻ: ഇറാനും ഇസ്രയേലും തമ്മിലുള്ള യുദ്ധം പന്ത്രണ്ടാം ദിവസത്തിലേക്ക് കടന്നതോടെ പശ്ചിമേഷ്യയിൽ അതീവ ഗുരുതരമായ സാഹചര്യം. ഇസ്രയേലിന് നേരെ ഇറാനും ഹിസ്ബുള്ളയും സംയുക്ത മിസൈൽ ആക്രമണം നടത്തിയതായാണ് റിപ്പോർട്ടുകൾ. ഇറാക്കിലെ ഖോർ അൽ സുബൈർ തുറമുഖത്തിന് സമീപം അമേരിക്കൻ ഉടമസ്ഥതയിലുള്ള 'സേഫ്സീ വിഷ്ണു' എന്ന എണ്ണക്കപ്പലിന് നേരെ ഇറാൻ നടത്തിയ 'സൂയിസൈഡ് ബോട്ട്' ആക്രമണത്തിൽ ഒരു ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ടു. 38 പേരെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

ഇറാനിൽ നിന്ന് തൊടുത്ത മിസൈലുകൾ തങ്ങളുടെ ഭൂപ്രദേശത്തേക്ക് എത്തുന്നതായും വ്യോമ പ്രതിരോധ സംവിധാനങ്ങൾ സജീവമാണെന്നും ഇസ്രയേൽ സൈന്യം അറിയിച്ചു. ഇതിന് മറുപടിയായി ഇറാനിലെ ടെഹ്റാനിലും ഹിസ്ബുള്ള കേന്ദ്രങ്ങളിലും ഇസ്രയേൽ വ്യാപകമായ ആക്രമണം ആരംഭിച്ചു.

യുദ്ധം രൂക്ഷമായതോടെ ആഗോള വിപണിയിൽ എണ്ണവില ബാരലിന് 100 ഡോളറിന് മുകളിലെത്തി. ഇതോടെ പല രാജ്യങ്ങളും തങ്ങളുടെ കരുതൽ എണ്ണശേഖരം ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. എയർ ന്യൂസിലൻഡ് ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ സർവീസുകൾ വെട്ടിക്കുറച്ചു.

ഗൾഫ് രാജ്യങ്ങൾക്ക് നേരെയുള്ള ആക്രമണം ഇറാൻ ഉടൻ നിർത്തണമെന്ന് ആവശ്യപ്പെട്ട് യുഎൻ സുരക്ഷാ സമിതി പ്രമേയം പാസാക്കി. ഇന്ത്യ ഉൾപ്പെടെയുള്ള 130 രാജ്യങ്ങൾ ഈ പ്രമേയത്തെ പിന്തുണച്ചു.

## പാചകവാതക ക്ഷാമം: സിയാലിനെ ബാധിച്ചിട്ടില്ല, കൊച്ചിയിലെ ഹോട്ടലുകൾ അടച്ചുപൂട്ടുന്നു

കൊച്ചി: പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്ന സാഹചര്യത്തിൽ നിരവധി വിമാന സർവീസുകൾ നെടുമ്പാശേരി വിമാനത്താവളത്തിൽനിന്നു റദ്ദാക്കിയിട്ടുണ്ടെങ്കലും പാചകവാതക ക്ഷാമം വിമാനത്താവളത്തെ ബാധിച്ചിട്ടില്ലെന്ന് സിയാൽ അറിയിച്ചു. ഇന്ധനക്ഷാമവും പാചകവാതക ക്ഷാമവും വിമാനത്താവളത്തെ ബാധിച്ചിട്ടില്ലെന്ന് സിയാൽ പിആർഒ ജയൻ 'ദീപിക ഓൺലൈനി'നോട് വ്യക്തമാക്കി. എന്നാൽ കൊച്ചിയിലെ മിക്ക ഹോട്ടലുകളും അടിച്ചുപൂട്ടലിൻറെ വക്കിലാണ്.

അതേസമയം, നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നും 61 വിമാന സർവീസുകൾ റദ്ദാക്കിയിട്ടുണ്ട്. ഷാർജ, ദുബായ്, അബുദാബി, മസ്കറ്റ്, റാസൽഖൈമ, ഷാർജ തുടങ്ങിയ രാജ്യങ്ങളിലേക്ക് കൊച്ചിയിൽ നിന്നും സർവീസ് നടത്തും. ഈ രാജ്യങ്ങളിൽ നിന്നുള്ള വിമാനങ്ങളും കൊച്ചിയിൽ എത്തുന്നുണ്ട്. ദോഹയിൽ നിന്നുള്ള എട്ടു വിമാനങ്ങളും ദോഹയിലേക്കുള്ള ഏഴ് വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്. നിലവിൽ ദോഹയിലേക്ക് സർവീസ് നടക്കുന്നില്ല. കുവൈറ്റിൽ നിന്നുള്ള നാലു വിമാനങ്ങളും റദ്ദു ചെയ്തുവെങ്കിലും കൊച്ചിയിൽ നിന്നും കുവൈറ്റിലേക്ക് ഒരു വിമാനം യാത്ര തിരിച്ചിട്ടുണ്ട്.

## മഹാരാഷ്ട്ര വിധാൻ ഭവനിൽ ബോംബ് ഭീഷണി; കനത്ത പരിശോധന

മുംബൈ: മഹാരാഷ്ട്ര വിധാൻ ഭവനിൽ ബോംബ്, മിസൈൽ എന്നിവയുടെ ആക്രമണം ഉണ്ടാകുമെന്ന് ഭീഷണി സന്ദേശം ലഭിച്ചു. വിവരം അറിഞ്ഞയുടൻ തന്നെ ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല. വ്യാഴാഴ്ച പുലർച്ചെയാണ് ഭീഷണി സന്ദേശം ഇമെയിൽ വഴി ലഭിച്ചത്. എല്ലാ ജീവനക്കാരെയും പരിസരത്ത് നിന്ന് മാറ്റിയിരുന്നുവെന്നും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നുവെന്നും ആഭ്യന്തര സഹമന്ത്രി സഞ്ജയ് ഭോയാർ പറഞ്ഞു.

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്, മെട്രോ, ഹൈക്കോടതി, ചില ബാങ്കുകൾ എന്നിവിടങ്ങളിലും ഭീഷണി ഉണ്ടായിരുന്നതിനാൽ അവിടെയും പരിശോധന നടത്തിയിരുന്നു. അജ്ഞാത ഭീഷണിയെക്കുറിച്ച് പോലീസ് കൂടുതൽ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

## ഭീകരവാദ ഗൂഢാലോചന കേസ്: ജമ്മു കാഷ്മീരിലെ പൂഞ്ചിൽ എൻഐഎ റെയ്ഡ്

ജമ്മു: ഭീകരവാദ ഗൂഢാലോചനയുമായി ബന്ധപ്പെട്ട അന്വേഷണത്തിൻറെ ഭാഗമായി ജമ്മു കാഷ്മീരിലെ പൂഞ്ച് ജില്ലയിൽ ദേശീയ അന്വേഷണ ഏജൻസി വ്യാപക റെയ്ഡ് നടത്തി. വ്യാഴാഴ്ച രാവിലെ മുതലാണ് ജില്ലയിലെ വിവിധ ഇടങ്ങളിൽ പരിശോധന ആരംഭിച്ചത്.

പൂഞ്ച് അതിർത്തി ജില്ലയിലെ മൊഹല്ല ഖോറിനാർ, ഹരിസുരൻകോട്ട് എന്നിവിടങ്ങളിലാണ് പ്രധാനമായും പരിശോധന നടന്നത്. 2024 ൽ ഈ മേഖലയിൽ നിന്ന് പിസ്റ്റളുകളും ഗ്രനേഡുകളും ഉൾപ്പെടെയുള്ള ആയുധങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട കേസിലാണ് നടപടി. കേസിൽ പ്രതികളായ അബ്ദുൾ അസീസ്, മുനവർ ഹുസൈൻ എന്നിവർക്കും ഇവരുടെ പാകിസ്ഥാൻ ഹാൻഡ്ലറായ നസീർ ഹുസൈനുമെതിരെ എൻഐഎ കഴിഞ്ഞ വർഷം ഏപ്രിലിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു.

മേഖലയിലെ ഭീകരവാദ ശൃംഖലകളെയും അവർക്ക് ലഭിക്കുന്ന പ്രാദേശിക സഹായങ്ങളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കാനാണ് ഈ റെയ്ഡിലൂടെ എൻഐഎ ലക്ഷ്യമിടുന്നത്. പരിശോധനയിൽ നിർണായകമായ രേഖകളോ തെളിവുകളോ ലഭിച്ചിട്ടുണ്ടോ എന്ന് അധികൃതർ വ്യക്തമാക്കിയിട്ടില്ല.

## സിപിഎം ബംഗാളിനേക്കാൾ വലിയ തകർച്ചയിലേക്ക്; ജി. സുധാകരനെ പിന്തുണയ്ക്കുന്നത് ചർച്ച ചെയ്യും: വി. ഡി. സതീശൻ

കൊച്ചി: കേരളത്തിലെ സിപിഎം ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ചയെയാണ് അഭിമുഖീകരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. രാഷ്ട്രീയ കേരളം വരും ദിവസങ്ങളിൽ ഇനിയും വലിയ വിസ്മയങ്ങൾക്ക് സാക്ഷ്യം വഹിക്കുമെന്നും, അമ്പലപ്പുഴയിൽ സ്വതന്ത്രനായി മത്സരിക്കാൻ തീരുമാനിച്ച ജി. സുധാകരനെ പിന്തുണയ്ക്കുന്ന കാര്യം യുഡിഎഫ് ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

'രാഷ്ട്രീയത്തിൽ വിസ്മയങ്ങൾ സംഭവിക്കുമെന്ന് ഞാൻ പറഞ്ഞപ്പോൾ പലരും പരിഹസിച്ചു. എന്നാൽ ഇപ്പോൾ അത് തുടങ്ങിക്കഴിഞ്ഞു. വരും ദിവസങ്ങളിൽ ഇതിലും വലിയ വിസ്മയങ്ങൾ കേരളം കാണാൻ പോകുകയാണ്, ' സതീശൻ പറഞ്ഞു. ജി. സുധാകരനെ പുകഴ്ത്തിയ പ്രതിപക്ഷ നേതാവ്, അദ്ദേഹം ഉത്തമനായ കമ്മ്യൂണിസ്റ്റാണെന്ന് ആവർത്തിച്ചു. അമ്പലപ്പുഴയിൽ അദ്ദേഹത്തിന് യുഡിഎഫ് പിന്തുണ നൽകുന്നതിനെക്കുറിച്ച് മുന്നണിയിലെ മറ്റു നേതാക്കളുമായി ആലോചിച്ച് ഉടൻ തീരുമാനമെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ സിപിഎം ബംഗാളിനേക്കാൾ വലിയ തകർച്ചയിലേക്ക് നീങ്ങുകയാണ്. തീവ്ര വലതുപക്ഷ നിലപാടുകളുമായി വിട്ടുവീഴ്ച ചെയ്യുന്ന പാർട്ടിയിൽ നിന്ന് ഉത്തമരായ കമ്മ്യൂണിസ്റ്റുകൾ അകലുകയാണെന്നും സതീശൻ ആരോപിച്ചു. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണെങ്കിലും കോടികൾ ചെലവാക്കി പിആർ വർക്കുകൾ നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്.

## ഛത്തീസ്ഗഡിൽ നദിയിലൂടെ ഒഴുകിയെത്തി ആനകളുടെ ജഡം

റായ്പുർ: ഛത്തീസ്ഗഡിലെ റായ്ഗഡ് ജില്ലയിൽ നദിയിൽ രണ്ട് ആനകളെ ചരിഞ്ഞ നിലയിൽ കണ്ടെത്തി. ആനകളുടെ ജഡം നദിയിലൂടെ ഒഴുകി നടക്കുകയായിരുന്നു. നാലുമാസത്തിനിടെ അഞ്ച് ആനകളെയാണ് ചരിഞ്ഞ നിലയിൽ കണ്ടെത്തിയത്. ഘർഘോഡ വനമേഖലയ്ക്ക് സമീപമുള്ള കുർകുട്ട് നദിയിലാണ് ഇവയുടെ ജഡങ്ങൾ പൊങ്ങിക്കിടക്കുന്നത് കണ്ടത്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി 19 ആനകളുടെ ഒരു കൂട്ടം ഇവിടെ സഞ്ചരിച്ചിരുന്നു. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ജഡം കണ്ടതിനെ തുടർന്ന് സമീപവാസികൾ വനംവകുപ്പ് ഉദ്യോഗസ്ഥരെ വിവരമറിയിക്കുകയായിരുന്നു. വനംവകുപ്പ് സംഘം സ്ഥലത്തെത്തി ആനകളുടെ ജഡം പുറത്തെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. മൃഗഡോക്ടർമാർ സ്ഥലത്തെത്തിയിട്ടുണ്ട്. ചെളിയിൽ കുടുങ്ങിയതോ, കുളിക്കുമ്പോഴോ ആനകൾ ചത്തതെന്നാണ് പ്രഥമിക നിഗമനം.

## യുവതിയെയും കാഴ്ചപരിമിതനായ മകനെയും കൊലപ്പെടുത്തി; പ്രതിയെ വെടിവച്ച് പിടികൂടി പോലീസ്

ലക്നോ: യുപിയിലെ മോഹനലാൽഗഞ്ചിൽ യുവതിയെയും കാഴ്ചപരിമിതിയുള്ള മകനെയും കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ. സിസെണ്ടി സ്വദേശി കിഷൻ റാവത്ത് (35) ആണ് യുവതിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ ശേഷം മകനെയും കൊന്നത്. പ്രതിയും കൊല്ലപ്പെട്ട യുവതിയും തമ്മിൽ സാമ്പത്തിക തർക്കം ഉണ്ടായിരുന്നതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തി. കിഷൻ യുവതിക്ക് കുറച്ച് പണം കടം കൊടുത്തിരുന്നു. അത് തിരികെ നൽകാൻ നിരന്തരം ആവശ്യപ്പെട്ടിരുന്നതിനെ തുടർന്നുണ്ടായ തർക്കമാണ് കൊലപാതകത്തിൽ അവസാനിച്ചത്. യുവതിയെ രക്ഷിക്കാൻ ശ്രമിച്ച മകനെയും ഇയാൾ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തി.

പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നതിനുശേഷമാണ് യുവതി പീഡനത്തിനിരയായ വിവരം പുറത്ത് വന്നത്. കൊലപാതകം നടക്കുന്നതിന് മണിക്കൂറുകൾക്ക് മുൻപ് കിഷൻ യുവതിയെ സന്ദർശിച്ചതായി സിസിടിവി ദൃശ്യങ്ങളിൽ നിന്നും കണ്ടെത്തിയിരുന്നു. തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതിയെ പോലീസ് പിടികൂടുന്നതിനിടെ ഇയാൾ വെടിവയ്ക്കുകയും ഒരു പോലീസ് ഉദ്യോഗസ്ഥന് പരിക്കേൽക്കുകയും ചെയ്തു. സ്വയ രക്ഷയ്ക്കായി മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ ഇയാളുടെ കാലിൽ വെടിവയ്ക്കുകയും ഇതേ തുടർന്ന് പരിക്കേറ്റ് വീഴുകയും ചെയ്തു.

ഇയാളെ കസ്റ്റഡിയിലെടുത്ത ശേഷം ചികിത്സയ്ക്കായി ആശുപത്രിയിലേക്ക് കൊണ്ടുപോയിരിക്കുകയാണെന്ന് പോലീസ് പറഞ്ഞു.

## ഫാറൂഖ് അബ്ദുള്ളയ്ക്ക് നേരെ വധശ്രമം: പാർലമെൻറിൽ പ്രതിഷേധം, അന്വേഷണത്തിന് ഉത്തരവ്

ജമ്മു: മുൻ ജമ്മു കാഷ്മീർ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് അധ്യക്ഷനുമായ ഫാറൂഖ് അബ്ദുള്ളയ്ക്ക് നേരെ ജമ്മുവിൽ നടന്ന വധശ്രമത്തിൽ പാർലമെൻറിൽ പ്രതിഷേധം. വ്യാഴാഴ്ച പാർലമെൻറിൽ പ്രതിപക്ഷം ഈ വിഷയം ശക്തമായി ഉന്നയിച്ചു. 'ഫാറൂഖ് അബ്ദുള്ള കൊല്ലപ്പെടണമെന്നതാണോ സർക്കാരിന്റെ ലക്ഷ്യം ' എന്ന് രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ ചോദിച്ചു. ജമ്മു കാഷ്മീരിലെ ക്രമസമാധാന നില തകർന്നുവെന്നും സംസ്ഥാന പദവി ഉടൻ പുനഃസ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേന്ദ്രമന്ത്രി ജെ. പി. നദ്ദ ഈ സംഭവത്തെ അതീവ ഗൗരവകരമെന്ന് വിശേഷിപ്പിക്കുകയും കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടതായും അറിയിച്ചു. ആഭ്യന്തര മന്ത്രി അമിത് ഷാ ഫാറൂഖ് അബ്ദുള്ളയെ നേരിട്ട് വിളിച്ച് വിവരങ്ങൾ അന്വേഷിച്ചു.

ബുധനാഴ്ച ജമ്മുവിലെ ഗ്രേറ്റർ കൈലാഷ് മേഖലയിലുള്ള ഒരു വിവാഹ ചടങ്ങിൽ പങ്കെടുത്ത് മടങ്ങവെയാണ് ആ!യുധധാരിയായ ഒരാൾ അദ്ദേഹത്തിന് നേരെ വെടിയുതിർത്തത്. ഫാറൂഖ് അബ്ദുള്ളയും കൂടെയുണ്ടായിരുന്ന ഉപമുഖ്യമന്ത്രി സുരീന്ദർ ചൗധരിയും പരിക്കേൽക്കാതെ അത്ഭുതകരമായി രക്ഷപ്പെട്ടു.

വിവാഹ വേദിയിൽ നിന്ന് പുറത്തേക്ക് വരുമ്പോൾ പ്രതി രണ്ട് തവണ വെടിയുതിർത്തു. ഉടൻ തന്നെ സുരക്ഷാ ഉദ്യോഗസ്ഥർ ഫാറൂഖ് അബ്ദുള്ളയെ വാഹനത്തിനുള്ളിലേക്ക് മാറ്റി. ജമ്മു സ്വദേശിയായ കമൽ സിംഗ് എന്നയാളെ സുരക്ഷാ ഉദ്യോഗസ്ഥർ പിടികൂടി. ഇയാൾ 20 വർഷമായി ഫാറൂഖ് അബ്ദുള്ളയെ വധിക്കാൻ പദ്ധതിയിട്ടിരുന്നതായി പ്രാഥമിക ചോദ്യം ചെയ്യലിൽ പറഞ്ഞു. മദ്യലഹരിയിലായിരുന്ന ഇയാളിൽ നിന്ന് പിസ്റ്റളും കണ്ടെടുത്തു. ഇസഡ് പ്ലസ് സുരക്ഷയുള്ള നേതാവിനെ അക്രമിക്കാൻ പ്രതിക്ക് എങ്ങനെ ഇത്രയും അടുത്തെത്താൻ കഴിഞ്ഞു എന്നത് ഗൗരവകരമായ സുരക്ഷാ വീഴ്ചയായാണ് പ്രതിപക്ഷം ചൂണ്ടിക്കാട്ടുന്നത്.

## കേരള ഹൈക്കോടതിയിൽ മീഡിയ റൂം അനുവദിക്കാനുള്ള നീക്കം ഉപേക്ഷിച്ചു

കൊച്ചി: മാധ്യമപ്രവർത്തകർക്കായി കേരള ഹൈക്കോടതിയിൽ മീഡിയ റൂം അനുവദിക്കാനുള്ള നീക്കം ഉപേക്ഷിച്ചു. ഹൈക്കോടതി അഭിഭാഷക അസോസിയേഷൻറെ ഭാഗത്തുനിന്നുണ്ടായ കടുത്ത എതിർപ്പിനെത്തുടർന്നാണ് തീരുമാനം. മീഡിയ റൂം തുറക്കേണ്ടതില്ലെന്ന് അസോസിയേഷൻ ജനറൽ ബോഡി യോഗം ഏകകണ്ഠമായി തീരുമാനമെടുക്കുകയായിരുന്നു. ഹൈക്കോടതിയുടെ ഔദ്യോഗിക പരിപാടികൾ റിപ്പോർട്ട് ചെയ്യുന്നതിനും മാധ്യമപ്രവർത്തകർക്ക് കൃത്യമായ വിവരങ്ങൾ കൈമാറുന്നതിനുമായി ഒരു മീഡിയ ബ്രീഫിംഗ് സെൻറർ സ്ഥാപിക്കാനായിരുന്നു ഹൈക്കോടതി ഭരണവിഭാഗം ലക്ഷ്യമിട്ടിരുന്നത്. കോടതി നടപടികളുമായി ബന്ധപ്പെട്ട വാർത്തകൾ കൂടുതൽ സുതാര്യമായി മാധ്യമങ്ങളിലെത്തിക്കാൻ ഈ സംവിധാനം സഹായിക്കുമെന്ന് വിലയിരുത്തപ്പെട്ടിരുന്നു.

ഇതിൻറെ ഭാഗമായി ഹൈക്കോടതി അധികൃതർ അഭിഭാഷക അസോസിയേഷൻറെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. നേരത്തെയും കോടതിയും മാധ്യമങ്ങളും തമ്മിലുണ്ടായ ചില തർക്കങ്ങളുടെ പശ്ചാത്തലത്തിൽ ഈ വിഷയം സങ്കീർണമായിരുന്നു. അസോസിയേഷൻറെ കടുത്ത വിയോജിപ്പ് അറിയിച്ചതോടെയാണ് നിലവിൽ ഈ നീക്കത്തിൽനിന്ന് പിന്മാറാൻ അധികൃതർ തീരുമാനിച്ചത്.

## 'വർഗവഞ്ചകന് മാപ്പില്ല'; ജി. സുധാകരനെതിരെ ആലപ്പുഴയിൽ പോസ്റ്റർ പ്രതിഷേധം

ആലപ്പുഴ: വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ സ്വതന്ത്രനായി മത്സരിക്കുമെന്ന പ്രഖ്യാപനത്തിന് പിന്നാലെ മുൻ സിപിഎം നേതാവ് ജി. സുധാകരനെതിരെ ആലപ്പുഴയിൽ വ്യാപകമായ പോസ്റ്റർ പ്രതിഷേധം. 'വർഗവഞ്ചകന് മാപ്പില്ല' എന്ന വാചകങ്ങളോടെ പുന്നപ്രയിലാണ് സിപിഎം പ്രവർത്തകർ പോസ്റ്ററുകൾ പതിച്ചിരിക്കുന്നത്. ആലപ്പുഴയിലെ നവനീതം വസതിയിൽ മാധ്യമ സമ്മേളനം നടത്തി താൻ പാർട്ടി അംഗത്വം പുതുക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും ആരുടെയും പിന്തുണയില്ലാതെ അടുത്ത നിയമസഭ തെരഞ്ഞെടുപ്പിൽ സ്വതന്ത്രനായി മത്സരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ജി. സുധാകരൻ വ്യക്തമാക്കിയിരുന്നു. പാർട്ടിയിൽ തന്നെ അപമാനിക്കുന്ന തരത്തിലുള്ള നിരവധി നടപടികൾ ഇതിനോടകം താൻ നേരിട്ടെന്നും വസതിയിൽ നടത്തി!യ ഒരു മണിക്കൂർ നീണ്ടുനിന്ന പത്ര സമ്മേളനത്തിൽ ജി. സുധാകരൻ വ്യക്തമാക്കി. പാർട്ടി നേതൃത്വത്തോട് ഇടഞ്ഞുവെന്ന വാർത്തകൾക്ക് പിന്നാലെ ആലപ്പുഴ ജില്ലാ നേതൃത്വം അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലും ജി. സുധാകരൻ വഴങ്ങിയില്ല. ആലപ്പുഴ സിപിഎം ജില്ലാ സെക്രട്ടറി ആർ. നാസർ ഉൾപ്പെടെയുള്ള നേതാക്കൾ വസതിയിൽ നേരിട്ടെത്തിയാണ് അനുനയനീക്കത്തിന് ശ്രമിച്ചത്. സിപിഎം ബന്ധം ഉപേക്ഷിച്ച് അമ്പലപ്പുഴയിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കുമെന്നാണ് ജി സുധാകരൻറെ പ്രഖ്യാപനം.

## ജീവനക്കാരെ പിരിച്ചുവിടാൻ ഒരുങ്ങി അറ്റ്ലാസിയൻ; ഇന്ത്യക്കാർക്കും 'പണി കിട്ടും'

ന്യൂയോർക്ക്: പ്രമുഖ ഓസ്ട്രേലിയൻ അമേരിക്കൻ സോഫ്റ്റ്വെയർ കമ്പനിയായ അറ്റ്ലാസിയൻ ഏകദേശം 1,600 ജീവനക്കാരെ പിരിച്ചുവിടാൻ തീരുമാനിച്ചതായി റിപ്പോർട്ട്. ഇന്ത്യയിലെ ജീവനക്കാർക്കും തൊഴിൽ നഷ്ടമായേക്കുമെന്ന് കമ്പനിയുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എഐ, എൻറർപ്രൈസ് സെയിൽസ് എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൻറെ ഭാഗമായാണ് നീക്കമെന്ന് കമ്പനി അറിയിച്ചു. വടക്കേ അമേരിക്കയിലെ ജീവനക്കാരെയാണ് പിരിച്ചുവിടൽ കൂടുതൽ ബാധിക്കുന്നത്.

അമേരിക്കയിൽ 40 ശതമാനവും ഓസ്ട്രേലിയയിൽ 30 ശതമാനവും ഇന്ത്യയിൽ 16 ശതമാനവും തൊഴിൽ നഷ്ടമുണ്ടാകുമെന്നാണ് നിഗമനം. എഐ മനുഷ്യർക്കു പകരമാകും എന്നതല്ല തങ്ങളുടെ സമീപനം, എന്നാൽ എഐ ആവശ്യമായ ഇടങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കുന്ന രീതിയാണ് കമ്പനി സ്വീകരിച്ചിരിക്കുന്നതെന്ന് സിഇഒ മൈക്ക് കാനൻ ബ്രൂക്ക്സ് പറഞ്ഞു.കഴിഞ്ഞ വർഷം അറ്റ്ലാസിയൻറെ ഓഹരികളിൽ 33 ശതമാനം ഇടിവ് രേഖപ്പെടുത്തിയിരുന്നു. ജിര, കോൺഫ്ലുവൻസ് തുടങ്ങിയ കൊളാബറേഷൻ ടൂളുകളിൽ നിന്നാണ് കമ്പനിക്ക് പ്രധാനമായും വരുമാനം എത്തുന്നത്.

## സുധാകരനെ അധിക്ഷേപിച്ചത് വ്യാജ അക്കൗണ്ടുക്കളിൽ നിന്നായിരിക്കാമെന്ന് എം. എ. ബേബി

അമ്പലപ്പുഴ: അമ്പലപ്പുഴയിൽ വിമത സ്ഥാനാർഥിയായി മത്സരിക്കാനുള്ള മുതിർന്ന മുൻ സിപിഎം നേതാവ് ജി. സുധാകരൻറെ നിലപാട് ദൗർഭാഗ്യകരമെന്ന് ജനറൽ സെക്രട്ടറി എം. എ. ബേബി. തീരുമാനം ദുഖകരമാണെന്നും പാർട്ടിയിൽ ആലോചിച്ച ശേഷം കൂടുതൽ പ്രതികരണം നടത്തുമെന്നും എം. എ. ബേബി വ്യക്തമാക്കി. സുധാകരനെ അധിക്ഷേപിച്ചത് വ്യാജ അക്കൗണ്ടുക്കളിൽ നിന്നായിരിക്കാമെന്നും കൂടുതൽ പ്രതികരണത്തിന് ഇപ്പോഴില്ലെന്നും ബേബി വ്യക്തമാക്കി.

## ഡാക്ക് അദാലത്ത് 23ന്

തിരുവനന്തപുരം ആർ.എം.എസ് ഡിവിഷന്റെ പരിധിയിൽപ്പെടുന്ന തപാൽ സേവനങ്ങളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിന് വേണ്ടിയുള്ള ഡാക് അദാലത്ത് മാർച്ച് 23 രാവിലെ 11ന് ഗൂഗിൾ മീറ്റ് വഴി നടത്തും. അദാലത്തിൽ പരിഗണിക്കാനുള്ള പരാതികളും നിർദ്ദേശങ്ങളും പരാതിക്കാരന്റെ ഇ-മെയിൽ ഐഡി/ വാട്സ്ആപ് നമ്പർ സഹിതം താഴെ പറയുന്ന ഇ-മെയിൽ ഐഡിയിലേക്കോ മേൽവിലാസത്തിലേക്കോ 17നകം കിട്ടത്തക്കവിധം അയക്കണം. ഗൂഗിൾ മീറ്റ് ലിങ്ക് പരാതിക്കാരന് മൊബൈൽ നമ്പർ/ ഇ-മെയിൽ വഴി നൽകും. ഇ-മെയിൽ: rmsdotv.kl@indiapost.gov.in മേൽവിലാസം: സീനിയർ സൂപ്രണ്ട്, തിരുവനന്തപുരം ഞങ്ങട ഠഢ ഡിവിഷൻ, തിരുവനന്തപുരം -695023.